SUNDAY 19-06-2022 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT**

**GOVERNMENT OF KERALA**

Chief Editor : Sunilkumar R Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/06/2022.

1. കേരള കാർഷിക സർവകലാശാലയുടെ തൃശൂർ വെള്ളാനിക്കര കൊക്കോ ഗവേഷണ കേന്ദ്രത്തിൽ അത്യുല്പാദന ശേഷിയുള്ള സങ്കരയിനം കൊക്കോ തൈകൾ തൈ ഒന്നിന് 20 രൂപയ്ക്ക് വില്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2438451, 2438452, 9061846212, 9446622960** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവകലാശാലയുടെ കോഴിക്കോട് ജില്ലയിലെ വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ വിവിധയിനം തൈകൾ, വിത്തുകൾ ജൈവനിവേശങ്ങൾ മുതലായവ വിൽപ്പനയ്ക്ക് ലഭ്യമാണ്. ചെറുനാരങ്ങ, ആത്തച്ചക്ക, സുറിനാം ചെറി, പാഷൻ ഫ്രൂട്ട് അവോക്കാഡോ ഗ്രാഫ്റ്റ്, വെസ്റ്റ് ഇന്ത്യൻ ചെറി, കാരമ്പോള, മധുര നെല്ലി, സപ്പോട്ട ഗ്രാഫ്റ്റ്, പനീർ ചാമ്പ, ആര്യ വേപ്പ്, കമുക് (കാസറഗോടൻ, മോഹിത് നഗർ), കറിവേപ്പ്, കുടമ്പുളി, ഗ്രാമ്പു, കുറ്റി കുരുമുളക്, വള്ളി കുരുമുളക് -പന്നിയൂർ 1,3,6, കുരുമുളക് ഗ്രാഫ്റ്റ്, കറ്റാർവാഴ, ഗ്രാമ്പൂ, സർവസുഗന്ധി, ജാതി തൈ, ഓർണമെന്റൽ പാം എന്നിവയുടെ തൈകൾ, പച്ചക്കറി വിത്തുകൾ, വിവിധ ജൈവവളങ്ങൾ, ജൈവിക കീടരോഗ നിയന്ത്രണ ഉപാധികളായ ട്രൈക്കോഡർമ, സ്യൂഡോമൊണാസ്, വാം, മെറ്റാറൈസിയം, ബ്യൂവേറിയ, ലക്കാനിസിലിയം, തെങ്ങിന്റെ കൂമ്പ് ചീയലിനെതിരെയുള്ള ട്രൈക്കോ കേക്ക്, ചെടികളുടെ വളർച്ചയ്ക്കുള്ള ഹ്യൂം പ്ലസ്, മരച്ചീനിയിലയിൽ നിന്നുള്ള ജൈവകീടനാശിനികളായ നന്മ, ശ്രേയ, സൂക്ഷ്മ മൂലകക്കൂട്ട് (അയർ, സമ്പൂർണ), മൂല്യവർദ്ധിത ഉത്പന്നങ്ങൾ, കൂൺ  വിത്ത് എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ **0495-2935850** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. പ്രധാനമന്ത്രി വിള ഇൻഷ്വറൻസ് പദ്ധതിയുടെയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെയും ഖാരിഫ് 2022 സീസണിലേക്കുള്ള വിജ്ഞാപനമായി. പ്രധാനമന്ത്രി വിള ഇൻഷ്വറൻസ് പദ്ധതിയിൽ വാഴയും മരച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കരിമ്പ്, ഏലം, കുരുമുളക്, ജാതി, കൊക്കോ, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക, പച്ചക്കറികൾ എന്നീ വിളകളാണ് ഇടുക്കി ജില്ലയിൽ വിജ്ഞാപനം ചെയ്തിട്ടുള്ളത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പദ്ധതിയിൽ ചേരേണ്ട അവസാന തീയതി ജൂലൈ 11 ആണ്. കർഷകർക്ക് www.pmfy.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായും, ഡിജിറ്റൽ സേവാകേന്ദ്രങ്ങൾ വഴിയും ഇൻഷുറൻസ് ബ്രോക്കർ പ്രതിനിധികൾ, മൈക്രോ ഇൻഷുറൻസ് പ്രതിനിധികൾ വഴിയും പദ്ധതിയിൽ ചേരാം. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരെ അതാത് ബാങ്കുകൾ പദ്ധതിയിൽ ചേർക്കണം. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ആധാറിന്റെ കോപ്പി, നികുതി രസീതിന്റെ കോപ്പി, ബാങ്ക് പാസ്ബുക്ക് കോപ്പി, പാട്ടത്തിൽ കൃഷി ചെയ്യുന്ന കർഷകരാണെങ്കിൽ പാട്ടക്കരാർ കോപ്പി എന്നിവ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായോ, അഗ്രിക്കൾച്ചർ ഇൻഷുറൻസ് ഓഫീസുമായോ, **0471-2334493** എന്ന ഫോൺ നമ്പരിലോ, **1800-425-7064** എന്ന ടോൾഫ്രീ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

4. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ **ഫാൻസി കോഴിക്കുഞ്ഞുങ്ങൾ 85 രൂപ നിരക്കിലും, കടക്നാഥ് 35 രൂപ നിരക്കിലും, തലശ്ശേരി, നേക്കഡ് നെക്ക്** എന്നിവ 22 രൂപ നിരക്കിലും വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് ഫാം കോമ്പൗണ്ടിനുള്ളിലെ വിവിധ പ്ലോട്ടുകൾ, സ്റ്റേറ്റ് ഫോഡർ ഫാം, വലിയതുറ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന ഹൈബ്രിഡ് തീറ്റപ്പുല്ല് ഫാമിലെത്തിക്കുന്നതിന് 2 ടൺ വരെ ശേഷിയുള്ള പിക്-അപ്പ് വാഹനം വാടകയ്ക്ക് നൽകാൻ താൽപര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം **24** (ജൂൺ 24) ആണ്. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രം സൂപ്രണ്ടിന്റെ പേരിൽ അയയ്ക്കുന്ന ക്വട്ടേഷൻ കവറിനു പുറത്ത് **തീറ്റപ്പുല്ല് ട്രാൻസ്പോർട്ട് ചെയ്യുന്നതിനുള്ള ക്വട്ടേഷൻ 2022-23** എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി **'പഴം - പച്ചക്കറി സംസ്കരണം'** എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി ഈ മാസം 29-ന് (**29.6.2022**) തിരുവനന്തപുരം വെള്ളായണി , കാർഷിക കോളജിലെ പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് നടത്തുന്നു. 500/- രൂപയാണ് ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പരമാവധി 30 പേർക്കാണ് പ്രവേശനം നൽകുന്നത്. താല്പര്യമുള്ളവർ **9447281300** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. കേരള കാർഷിക സർവ്വകലാശാലയുടെ തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 'ആസാദി കാ അമൃത് മഹോത്സവു'മായി ബന്ധപ്പെട്ട് നാളെ (ജൂൺ 20) രാവിലെ 10.30 ന് **പൂകൃഷിയിൽ** പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ഈ മാസം 20,21 (ജൂൺ 20,21) തീയതികളിൽ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ എടുത്തിട്ടുള്ളവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 35 പേർക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കുക. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0473-4299869, 9495390436, 9656936426** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **24,25 തീയതികളിൽ ആട് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0471 - 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.